ശ്രീ. എം. വി. രാഘവൻ: ഏതിന്റെ ഫണ്ട് എന്നാണ് ചോദിച്ചത്. ലോകബാങ്കിന്റെ ഫണ്ടുമാത്രമാണോ? അതോ സെൻട്രൽ ഗവൺമെന്റിന്റെ ഫണ്ടുമാത്രമാണോ ഉപയോഗിക്കുന്നത്? ലോകബാങ്കിന്റെ ഫണ്ടുമാത്രമാണ് ഉപയോഗിക്കുന്നതെങ്കിൽ ചില വിപത്തുകൾ ഉണ്ട്. ചില പ്രത്യാഘാതങ്ങളുണ്ടാകും.

ശ്രീ. എ. എൽ. ജേക്കബ്: ഒരു പ്രത്യാഘാതവും ഉണ്ടാകുകയില്ല. ഇവിടെ നാടുനന്നാക്കി നമ്മുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയാണ് ചെയ്യുന്നത്.

ശ്രീ. എം. വി. രാഘവൻ: ലോകബാങ്കിന്റെ പണം മാത്രമാണോ ഉപയോഗിക്കുന്നത് എന്ന ചോദ്യത്തിന് മറുപടി കിട്ടണം.

ശ്രീ. എ. എൽ. ജേക്കബ്: ലോകബാങ്കിന്റെ പണം.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം 75.

കൂട്ടുകൃഷി ഫാമുകൾ

*66 [75] ശ്രീ. കെ. രാഘവൻ മാസ്റ്റർ:
,, ജി. പി. മംഗലത്തുമഠം:
,, തെന്നല ബാലകൃഷ്ണപിള്ള:
,, ടി. എച്ച്. മുസ്തഫ:
,, എം. വി. ഗംഗാധരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടുകൃഷി ഫാമുകളുടെ പ്രവർത്തനം ഏതുനിലയിൽ നടക്കുന്നു;

(ബി) കൂട്ടുകൃഷി ഫാമുകളിൽ എത്ര അന്തേവാസികളുണ്ട്;

(സി) അവരുടെ താമസസൗകര്യത്തിന് വീടുകൾ നിർമ്മിച്ചിട്ടുണ്ടോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) കൂട്ടുകൃഷി ഫാമുകളുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ട് അവയുടെ പ്രവർത്തനം എങ്ങനെവേണമെന്ന് ഗവൺമെന്റ് പരിശോധിച്ചു വരികയായിരുന്നു. ഇല്ലിത്തോടു ഫാം അന്തേവാസികൾക്കായി വീതിച്ചുകൊടുക്കുവാൻ ഗവൺമെന്റ് ഉത്തരവായിക്കഴിഞ്ഞിട്ടുണ്ട്. കൂത്താളി ഫാമിനെ സംബന്ധിച്ച് അപ്രകാരമൊരു തീരുമാനമെടുക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഇല്ലിത്തോടുഫാമിൽ 224-ും കൂത്താളിഫാമിൽ 200-ും കുടുംബങ്ങൾ വീതമുണ്ട്.

(സി) താൽക്കാലികമായി വീടുനിർമ്മിക്കുകയും വർഷംതോറും അവയുടെ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കൂത്താളി കൂട്ടുകൃഷി ഫാമിലെ അന്തേവാസികൾക്ക് വരുമാനം ലഭിക്കുന്നതുവരെ അവർക്ക് വരുമാനത്തിനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അവർക്ക് വീതിച്ചുകൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അവരുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ കൊണ്ടുപോയി വിൽക്കുന്നതിനും മറ്റും റോഡും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കുവാൻ പദ്ധതി ഉണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അതേപ്പറ്റിയൊന്നും ഇപ്പോൾ ആലോചിച്ചിട്ടില്ല.

ശ്രീ. ടി. എച്ച്. മുസ്തഫ: സാമൂഹ്യ–കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൈവരിക്കുന്നതിനുവേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ള കൂട്ടുകൃഷിഫാമുകൾ പരാജയമാണെന്നാണ് ഗവൺമെൻറ് പറയുന്നത്. ഇല്ലിത്തോടുഭാഗത്ത് ഇതു ഭാഗിച്ചുകൊടുക്കാൻ തീരുമാനം എടുത്തുവെന്നും പറയുന്നു. ഇതു പരാജയമെന്നാണല്ലേ ഇതിൻെറ അർത്ഥം?

ശ്രീ. എ. എൽ. ജേക്കബ്: ഈ ഫാമുകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തമായി കൃഷി ചെയ്യണമെന്ന വിചാരമില്ല. അവരുടെ വിചാരം അവർ തൊഴിലാളികളാണെന്നാണ്. അതുകൊണ്ടാണ് അവർക്ക് വിട്ടു കൊടുത്തത്.

ശ്രീ. ടി. എച്ച്. മുസ്തഫ; ഇല്ലിത്തോട്ടിലെ കൂട്ടുകൃഷി ഫാമുകളിലുള്ള കുടുംബങ്ങൾക്ക് മുഴുവൻ സ്ഥലവും ഭാഗിച്ചു കൊടുക്കാനാണോ തീരുമാനിച്ചിട്ടുള്ളത്? അവരുടെ വീടുകൾ ഇരിക്കുന്ന പ്രദേശവും കൃഷി പ്രദേശവും ഉൾപ്പെടെയുള്ള സ്ഥലങ്ങൾ വീതിച്ചു കൊടുക്കാനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: മുഴുവൻ കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. രണ്ടേക്കർവീതം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ആർ. ശിവൻ: ഇല്ലിത്തോട്ടിലെ കൂട്ടുകൃഷി ഫാമുകളുടെ പ്രവർത്തനം അന്വേഷണത്തിൽനിന്ന് തൃപ്തികരമല്ലെന്നു ബോധ്യപ്പെട്ടതുകൊണ്ടാണോ കൂട്ടുകൃഷി ഫാമുകൾ ആകെ പരാജയമാണെന്നു തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. എ. എൽ. ജേക്കബ്: നോട്ടീസ് വേണം.

(ചോദ്യം 76 ചോദിച്ചില്ല.)

സഹകരണമേഖലയിലുള്ള ആശുപത്രികൾ

* 67 [77] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണമേഖലയിൽ എത്ര ആശുപത്രികൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly